ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ.സി.2/22098/2013/റ്റി.സി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 31.03.2017

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- **മോട്ടോർ വാഹന വകുപ്പ്**— വാഹനങ്ങളുടെ അനധികൃത പാർക്കിംഗ്— നിർദ്ദേശങ്ങൾ നൽകുന്നത്— സംബന്ധിച്ച്.

സൂചന :- ഇല്ല.

വാഹനങ്ങൾ അനധികൃതമായി പാർക്കുചെയ്യുന്നതും അശ്രദ്ധമായി പാർക്ക് ചെയ്യുന്നതും അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നതിന് കാരണമാകുന്നതായി ധാരാളം പരാതികൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. പാർക്കിംഗ് അനുവദിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പും, പോലീസും അംഗീകരിച്ച സ്ഥലങ്ങളിൽ മാത്രമേ പാർക്കിംഗ് അനുവദിക്കുവാൻ പാടുള്ളൂ. വാഹനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് തടസ്സമാകുന്ന തരത്തിൽ പാർക്കു ചെയ്യുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമം സെക്ഷൻ 200 അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാഹന പരിശോധനാ സമയത്ത് വകുപ്പിലെ ഫീൽഡ് ഓഫീസർമാർ അനധികൃത പാർക്കിംഗിനെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ ഓട്ടോറിക്ഷകൾക്കും ടാക്സികൾക്കും അനുവദിച്ചിട്ടുള്ള അംഗീകൃത സ്റ്റാന്റിൽ അല്ലാതെ മറ്റ് സ്ഥലങ്ങൾ സ്റ്റാന്റ് ആയി ഉപയോഗിക്കുന്നതിനെതിരെയും നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ,
4/4/17
സീനിയർ സൂപ്രണ്ട്.
3/4/17
ജെ.എസ്.

മോട്ടോർ വാഹന വകുപ്പ്, കേരള